# The Simple Divine Truth

***Jesus is the only name and no other name is given***
***For the salvation of man under the sky***
*Acts 4: 12*

## "Deliverence From Anccestral Sins & Curses"

**Special Publication 03**

## പൂർവ്വിക പാപ ശാപവും വിടുതലും

**(Malayalam)**



All Simple Divine Truth Books Are Free
No Donations, No Payments
(Registrations, Mail Address
And Names are not needed)
Books are absolutely Free

Please Visit
> thesimpledivinetruth.org <

December 01, 2009
Revised on Nov 07, 2015

Praise the Lord

# പൂർവ്വിക പാപ ശാപവും വിടുതലും

## "Deliverence from Anccestral Sins & Curses"

കർത്താവ് തല = യേശുക്രിസ്തു., ശരീരം = നമ്മൾ

നാം ഓരോരുത്തരും മുർച്ചയുള്ള ആയുധമായി മാറണം. പ്രാപിക്കുക എന്നുള്ളതിനെക്കാൾ പ്രധാനം പ്രാപിച്ചത് കൊടുക്കുക എന്നുള്ളതാണ്. ദൈവം ക്രമീകരണത്തിന്റെ ദൈവമാണ് .

യിരെമ്യാവ് (Jeremiah) 1: 8–10. നിന്നെ വിടുവിക്കേണ്ടതിന്നു ഞാൻ നിന്നോട് കൂടെ ഉണ്ടെന്ന് യഹോവയുടെ അരുളപ്പാട്. പിന്നെ യഹോവ കൈ നീട്ടി എന്റെ വായെ തൊട്ടു. ഞാൻ എന്റെ വചനങ്ങളെ നിന്റെ വായിൽ തന്നിരിക്കുന്നു. നോക്കുക; നൂർമ്മൂലമാക്കുവാനും, പൊളിപ്പാനും, നശിപ്പിക്കാനും, ഇടിച്ചുകളയുവാനും, പണിയുവാനും, നടുവാനും വേണ്ടി ഞാൻ നിന്നെ ഇന്നു ജാതികളുടെമേലും, രാജ്യങ്ങളുടെമേലും ആക്കി വെച്ചിരിക്കുന്നു എന്നു യഹോവ എന്നോട് കല്പിച്ചു.

പണി നടക്കുന്നതിന് മുൻപ് തറ വൃത്തിയാക്കുന്നതുപോലെ നമ്മെയൊന്നു വൃത്തിയാക്കും. J.C.B (Escavator) കൊണ്ടുവന്ന് തകർത്ത് വാരി നിരപ്പാക്കി, ഭംഗിയാക്കി, നിലം വൃത്തിയാക്കു ന്നതുപോലെ, മനുഷ്യ ഹൃദയങ്ങളിലെ വേണ്ടാത്തവ എല്ലാം മാറ്റി ശുദ്ധീകരിക്കും. ബാബേൽ ഗോപുരം ഇഷ്ടിക കൊണ്ട് പണിതതുപോലെ നമ്മെ ജീവനുള്ള കല്ലാക്കി മാറ്റും (ഉദാ – അബ്രാഹാം) അതുകൊണ്ടാണ് നമ്മെ അബ്രാഹാമിന്റെ സന്തതിയെന്ന് പറയപ്പെടുന്നത്. ദൈവവചനം, നാം എത്രമാത്രം സ്വീകരിച്ചുവോ, അത്രമാത്രം നാം ശക്തിപ്പെടും. പണി നടക്കണമെങ്കിൽ ചിലത് കളയണം. അബ്രഹാം കളഞ്ഞു. അത് അവന് അനുഗ്രഹമായി മാറി.

ഇന്ന് സഭകളിലും, കൂട്ടുവേലക്കാരിലും, ഭാര്യാഭർത്താക്കന്മാരുടെ ഇടയിലും സ്നേഹമില്ല. രോഗം ബാധിച്ചു കിടക്കുകയാണ്. ഈ സ്ഥിതി മാറ്റണം. സ്ഥിതി മാറ്റുമ്പോൾ അത്ഭുതങ്ങൾ നടക്കും.

യിരെമ്യാവ് Jeremiah 33.6 ''ഇതാ ഞാൻ രോഗശാന്തിയും, ആരോഗ്യവും വരുത്തി, അവരെ സൗഖ്യമാക്കുകയും, സമാധാനത്തിന്റെയും സത്യത്തിന്റേയും, സമൃദ്ധി അവർക്ക് വെളിപ്പെടുത്തുകയും ചെയ്യും''.

യേശുവിനെ വിളിക്കുന്നവരുടെ രോഗശാന്തി മറ്റുള്ളവർ കാണണം

.

നമ്മുടെ അകം വചനം കൊണ്ട് നിറയണം. ആ വചനത്തിന്റെ മേൽ ആത്മാവ് ഉണ്ടായിരിക്കണം. ശത്രുവിനെ ഓടിക്കാൻ അകത്ത് വചനം കൊണ്ട് നിറയണം. ആത്മാവാം ദൈവത്തോട് ശക്തി തരാൻ പ്രാർത്ഥിക്കണം. നമുക്ക് ദേഹം, ദേഹി, ആത്മാവ് ഇങ്ങനെ മൂന്ന് ഘടകങ്ങൾ നമ്മുടെ ശരീരത്തിനുണ്ട്.

1) ആത്മാവ് – spirit 2) ദേഹി – soul (പ്രാണൻ / മനസ്സ്) 3) ദേഹം – body

ദേഹിയ്ക്കുള്ളിൽ ചിന്താ മണ്ഡലമുണ്ട്. (mind) ഈ ചിന്താ മണ്ഡലത്തിൽ വേദന, സന്തോഷം, സങ്കടം, വികാരങ്ങൾ ഇവ ഉണ്ടാകുന്നു. അകത്ത് (ദേഹിയിലുള്ള) വേദനകൾ ക്ഷമിക്കാൻ വയ്യാത്തവ ഒക്കെ നമുക്ക് വേദനകൾ സൃഷ്ടിക്കും. ഇത് മാരകമായ രോഗങ്ങൾ വരെ ഉണ്ടാകാൻ കാരണമാകുന്നു. മറ്റുള്ളവരെ വളരെ സ്നേഹിക്കുമ്പോൾ ആ വ്യക്തികളിൽ നിന്ന് വളരെ പ്രയാസം നിറഞ്ഞ അനുഭവങ്ങൾ ഉണ്ടാകും അപ്പോൾ, നമ്മുടെ ചിന്താ മണ്ഡലത്തിൽ കുഴപ്പങ്ങൾ സൃഷ്ടിക്കുന്നു. ഇതിന് ആന്തരികസൗഖ്യം ലഭിക്കണം. അതിന് സർവ്വശക്തനായ ദൈവത്തോട് ആത്മാർത്ഥമായി കരഞ്ഞു പ്രാർത്ഥിക്കണം. വിഷമിപ്പിച്ചവരോട് നമ്മൾ ക്ഷമിച്ചേ പറ്റു.. പാപം തന്നെയല്ല ഭാരവും നമ്മെ തകർക്കും. ഇത് അകമനുഷ്യനെ വളരെബൊധിക്കുന്നു. പ്രാർത്ഥിക്കുമ്പോൾ (ആ മനുഷ്യരെ മനസ്സിൽ കൊണ്ട് വന്ന് പ്രാർത്ഥിക്കണം. നമ്മൾ മറ്റുള്ളവരെ വിഷമിപ്പിച്ചിട്ടുണ്ടെങ്കിൽ/ മറ്റുള്ളവർ കാരണം കൂടാതെ

നമ്മളെ വിഷമിപ്പിച്ചിട്ടുണ്ടെങ്കിൽ ഏറ്റുപറഞ്ഞ് ക്ഷമിക്കുക

നാം മക്കളെ വളർത്തുമ്പോൾ, ശരീരത്തിന് ആഹാരം കൊടുക്കുന്നതുപോലെ, ആത്മാവിനും വളരാൻ വചനമെന്ന ആഹാരം കൊടുത്തേ മതിയാവു

യേശുവിനെ നാഥനും, രക്ഷകനുമായി സ്വീകരിക്കുന്നത് രക്ഷയുടെ അനുഭവത്തിന്റെ തുടക്കം മാത്രമേ ആകുന്നുള്ളൂ. എന്നാൽ ജീവിതത്തിന്റെ പല മേഖലകളിൽ അവൻ കർത്താവല്ലെ. അത് ഒരിക്കലും ആകരുത്. ഒരു ക്രമം നമ്മുടെ ജീവിതത്തിൽ കൊണ്ട് വരണം. എല്ലാത്തിലും സുഖത്തിലും, ദുഃഖത്തിലും മുൻസ്ഥാനം കർത്താവിന് തന്നെ കൊടുക്കണം. ജീവിതം ക്രമപ്പെടുത്തുമ്പോൾ ജീവിതത്തിലെ ക്രമക്കേടുകൾ എല്ലാം മാറും

.

അതുപോലെ ദൈവത്തെ സ്വീകരിച്ചവരെ എല്ലാം കർത്താവ് നീതിമാന്മാരായിട്ടാണ് എണ്ണുന്നത്. പിന്നീട് നാം പാപിയാണെന്ന് പറയരുത്. അവന്റെ നീതി നമുക്ക് തന്നു. അവന്റെ ഉയർപ്പിനാൽ കർത്താവിലായ ഓരോ വ്യക്തിയും, ഇനിയും പാപിയും, പുഴുവും ഒന്നുമല്ല. നീതിമാന്മാരുടെ പട്ടികയിലാണെന്നുള്ളത് മറക്കരുത്.

അവന്റെ അധികാര പുതപ്പ് നമുന്ന് തന്ന് കഴിഞ്ഞു. ഇനിയും അവന്റെ നാമത്തിൽ നാം വീര്യം പ്രവർത്തിക്കുകതന്നെ വേണം. ‘‘നിനക്കെതിരായി വരുന്ന ഒരു ആയുധവും ഫലിക്കയില്ല‘‘.

നീതിമാന്റെ പ്രാർത്ഥന ദൈവം കേൾക്കും. പാപിയുടെ പ്രാർത്ഥന ദൈവം കേൾക്കയില്ല. നമ്മുടെ പാപം യേശു ചുമന്നത്കൊണ്ട്, അവന്റെ ഉയർപ്പിൽ, ക്രിസ്തുവിൽ ആയവർക്ക് മാത്രം നീതി വന്നു. ക്രിസ്തുവിൽ ആഴമായി വിശ്വസിക്കുന്ന, ഏതൊരാൾക്കും രക്ഷയുണ്ട്. അതുപോലെ ദൈവകൃപയുള്ള വ്യക്തിയ്ക്ക്, എപ്പോഴും ആത്മാവിൽ പാടാം. ഇത് ഒരു പ്രത്യേക സഭക്കാരുടെ മാത്രം അനുഗ്രഹമല്ല. അന്യഭാഷയിൽ പാടാം, പ്രാർത്ഥിക്കാം അബോധമനസ്സിലും കർത്താവ് കയറി ഇറങ്ങും.

ആത്മാവിൽ ക്ഷതങ്ങളും, മുറിവുകളും ഉണ്ടായാൽ ഒരു ശൂന്യതയുണ്ടാകും. അകത്ത് യേശു കടന്നു വന്നാൽ ഈ ശൂന്യത മാറും. ആത്മാവിൽ വീണ്ടും ജനിച്ചാൽ പിന്നെ പിശാചിന് തൊടാൻ പറ്റത്തില്ല. പ്രാണനിൽ പ്രശ്നമുണ്ടെങ്കിൽ പിശാചിന് മുതലെടുക്കുവാൻ സാധിക്കും.

ഒരിക്കലും നമ്മിൽ സ്വയം കിടക്കരുത് ഉദാ– എനിക്ക് പഠിപ്പില്ല, സൗന്ദര്യമില്ല, കാറില്ല ഇതൊക്കെ വരരുത്. ഇത് സ്വയത്തിൽപ്പെടും. മറിച്ച് ക്രിസ്തു നമ്മളെ എന്തു വില കല്പിക്കുന്നു, അതിന്റെ വെളിച്ചത്തിൽ നമ്മുടെ മൂല്യത്തെ അളക്കണം. പിതാവ് യേശുവിനെ സ്നേഹിച്ചതു പോലെ നമ്മളെയും സ്നേഹിച്ചു. അതിനാൽ നാം രക്ഷപ്പെട്ടു.

അതുപോലെ നമുക്കൊരു കൂട്ടായ്മ വേണം. അതിൽ കൂടി ആണ് നാം വളരേണ്ടത്. ഫിലോമാൻ 1:4–6 ‘ക്രിസ്തുവിൽ നമ്മളിൽ നിക്ഷേപിക്കുന്ന പരിജ്ഞാനം എന്റെ വിശ്വാസ ത്തിന്റെ കൂട്ടായ്മ സഫലമാകണം. അങ്ങനെ ആയാൽ ദേശത്തിന് വിടുതൽ വരും. നമ്മൾക്ക് വിടുതൽ വരും. വിശ്വാസത്തിന്റെ കൂട്ടായ്മയിൽ, ഒരു സഫലത ഉണ്ടാകണം. നമ്മുടെ പൂർവ്വികർ മൂലം, വന്ന അകൃത്യം, പാപം നമ്മളിൽ നിന്ന് വന്ന അകൃത്യം,– പാപം ഈ വിഴിപ്പിന്റെ കെട്ടെ ല്ലാം യേശു ക്രൂശിൽ വഹിച്ച്, നമ്മെ അവകാശമാക്കി എന്തൊരു സ്നേഹം. ഈ സ്നേഹം എത്ര പറഞ്ഞാലും മതിയാകയില്ല.

അതുപോലെ വേറൊരു സംഗതിയാണ് നാക്കിന്റെ ശക്തി. ‘‘അയ്യോ എനിക്ക് വയ്യാ, ചത്താൽ മതി’’ ഇതുപല പ്രാവശ്യം പറയുമ്പോൾ പ്രവർത്തി നടക്കും. മരണത്തിന്റെ ആത്മാവ് കൂടെ വരും. ദു:ഘം ഉണ്ടാകുമ്പോൾ പ്രസക്തിയില്ലാത്ത വാക്കുകൾ ആവർത്തിക്കരുത്.

ഇങ്ങനെ എന്തെങ്കിലുമൊക്കെ പറഞ്ഞിട്ടുണ്ടെങ്കിൽ യേശുവിന്റെ നാമത്തിൽ ഞാൻ ആ വാക്കിനെ നിർവീര്യമാക്കുന്നുവെന്ന് ഉള്ളിൽ നിന്നും പറയണം. ‘ഞാൻ പൊട്ടനാ, പൊട്ടിയാ, എന്നെകൊണ്ട് അതു പറ്റുകയില്ലാ എന്നും പറയരുത്.

യാക്കോ: 3–2 വായിച്ചു നോക്കുക. ഞാൻ ജീവിച്ചിരുന്ന് ദൈവത്തിന്റെ വേല ചെയ്യും. ഞാൻ അനേകം പേരെ ദൈവത്തിലാക്കും.

ഇങ്ങനെ നല്ലവാക്ക് പറയുവാൻ ശ്രദ്ധിക്കുക. സൗഖ്യത്തിന്റെ വാക്കുകൾ, പുഷ്ടിയുടെ വാക്കുകൾ, ഉയർച്ചയുടെ വാക്കുകൾ മുതലായവ പറയുക. നിന്റെ ജീവിതത്തിലെ പ്രവാചകൻ നീയാണ്. ഉള്ളതിനെ വിളിച്ചു വരുത്തിയവനാണ് ദൈവം. എന്റെ മക്കൾ ദൈവത്തെ ആരാധിക്കുന്നവർ ആകട്ടെ. എന്റെ ഭവനത്തിൽ സമൃദ്ധി വരട്ടെ, എന്റെ സഭ വളരട്ടെ എന്നിങ്ങനെ ഉറക്കെ നാവുകൊണ്ട് പ്രഖ്യാപിക്കണം. പറഞ്ഞു നോക്കുക. അങ്ങനെ തന്നെ സംഭവിക്കും. ദൈവ വഴിയിൽ നിന്നുകൊണ്ട് വേണം പറയാൻ. ദൈവമക്കളെ, ദൈവദാസന്മാരെ ആദരിക്കുന്നതിലല്ല വിടുതൽ, നമ്മൾ ശക്തിപ്പെടണം. വചനം ദിനംപ്രതി ധ്യാനിക്കണം അപ്പോൾ അകത്തെ മനുഷ്യൻ വളരും. പ്രധാന ഭക്ഷണം വചനം ആണെങ്കിലും അതിന്റേ കൂടെ ചില വിഭവങ്ങൾ കൂടി നമുക്ക് വേണം. അതിന്റേ പേരാണ് ദൈവ സ്നേഹം. പരസ്പരം സ്നേഹം വേണം. എല്ലാത്തിലും വലുത് സ്നേഹമാണ്. പുഷ്ടിയുണ്ടാകണമെങ്കിൽ സ്നേഹം വേണം. ചോറിന്റെ കൂടെ കറിയും, കൂട്ടാനും ഉണ്ടെങ്കിലേ പുഷ്ടി വരികയുള്ളൂ. അതുപോലെ സ്നേഹം നമുക്ക് വചനത്തിന്റെ കൂടെ വേണം.

അപ്പന്റേയും, അമ്മയുടേയും സുനേഹം കുഞ്ഞിന് കിട്ടണം. കിട്ടിയില്ലെങ്കിൽ ശോഷിപ്പു ഉണ്ടാകും. നമ്മുടെ ആന്തരിക മുറിവിനെ പൊറുപ്പിക്കാൻ യേശുവിനോട് പ്രാർത്ഥിക്കണം. അകത്തെ മുറിവ് മാറാത്തവർ മറ്റുള്ളവരെ മുറിപ്പെടുത്തും. മറ്റുള്ളവർ നമ്മളെ പറഞ്ഞ വാക്കുകൾ നമ്മെ ആരോഗ്യമില്ലാത്തവരും, രോഗിയും ആക്കിത്തീർക്കും. ഇതെല്ലാം യേശുഎന്ന മാധ്യമത്തിൽ കൂടി സൗഖ്യം തരുന്നു.

അതുപോലെ വേറൊന്നാണ് 'ക്ഷമ' ഇത് അനുഗ്രഹത്തിന്റെ താക്കോലാണ്. ഹൃദയപൂർവ്വം നമ്മൾ ചിലരെ സ്നേഹിക്കുമ്പോൾ, അവർ നമ്മളെ മുറിപ്പെടുത്തും. പക്ഷെ ദൈവനാമത്തിൽ അവരോട് ക്ഷമിക്കണം. ക്ഷമിക്കാനുള്ള കൃപ തരാൻ എന്നും തമ്പുരാനോട് പ്രാർത്ഥിക്കണം. ക്ഷമ എന്ന താക്കോലിന് 2 പിരിവുണ്ട്. 1) അവനവൻ ചെയ്ത തെറ്റിന് ക്ഷമ പറയണം. 2) നമ്മോട് പാപം ചെയ്തവരോട് ക്ഷമിക്കണം. എഫേ 4.31–32 വിശ്വാസികൾ തമ്മിൽ വേദനയുണ്ടാകും. ഇത് സാധാരണയാണ്. കർത്താവിന്റെ കാലത്തും ഇതുണ്ടായിരുന്നു. നമ്മളെക്കുറിച്ച് കളവു പറയുന്നവരോടും ക്ഷമിക്കണം. മറ്റുള്ളവരുടെ പാപങ്ങൾ ക്ഷമിക്കുമ്പോൾ അനുഗ്രഹം പിറകേ വരും.

കോപത്തിൽ നിന്നും, ക്രോധം വരും, ക്രോധത്തിൽ നിന്നും കയ്പ്പു വരും, പ്രതികാരം വരും, ആഭിചാരം വരും. ചിലർ ചിലരെ കൊല്ലുകവരെ ചെയ്യും. പ്രതികാരത്തിന്റെ ദുരാത്മാവു കയറും. ഈ ദുരാത്മാവ് നടുവേദന, ക്യാൻസർ ഇത്യാദി രോഗം വരെ ഉണ്ടാക്കും. ഈ ഭാരം ഉരുട്ടി ദൈവത്തിന്റെ കൈയ്യിൽ കൊടുക്കുമ്പോഴേ സൗഖ്യം വരു. വേദനയുണ്ടാക്കിയ വ്യക്തികളെ കൺ മുൻപിൽ കൊണ്ടുവന്ന്, ഈ വേദന എനിക്ക് വേണ്ടാ, ആ വേദന ദൈവകരങ്ങളിൽ കൊടുത്ത് അനുരജ്ഞനപ്പെടുക. ദൈവസ്നേഹത്തെ പ്രതി, ദൈവം നമ്മുടെ പാപങ്ങളെ ക്ഷമിച്ചതിനെ പ്രതി അവരുടെ പാപങ്ങൾ നമ്മൾ ക്ഷമിക്കുക. അനുഗ്രഹം ഓടി എത്തും.

ലൈംഗീകം ദൈവദാനമാണ്. പക്ഷെ അത് കല്പനയ്ക്ക് വിപരീതമാകുരുത്. നോട്ടത്തിൽ പാപം, ചിന്തയിൽ പാപം അത് കളയണം. ചിലർ ദൈവത്തെ നന്നായി ആരാധിക്കും. പക്ഷെ കണ്ണിൽ കൂടി ദുരാത്മാവ് പ്രവർത്തിക്കും. നാം ചെയ്യരുതാത്തതു ചെയ്താൽ അനുതപിച്ച് ഏറ്റു പറയണം. ദൈവത്തിനോട് ക്ഷമ പറയണം. അധരംകൊണ്ട് ഏറ്റുപറയണം. ഇയ്യോബ് 22–28. നിങ്ങൾ ഒരു കാര്യം തീരുമാനിക്കണം എന്നിട്ട് വിളംബരം ചെയ്യണം. അപ്പോൾ സ്വർഗ്ഗത്തിലെ ദൈവം അത് നടത്തി തരും. അപ്പോൾ നാം ശക്തിപ്പെടും. ''നിങ്ങളിൽ ഉള്ളവൻ ലോകത്തിലുള്ളവനെക്കാൾ വലിയവനാണ്.'' കൂടെ കൂടെ ഇത് പ്രഖ്യാപിക്കണം. രോഗമുള്ളവർ രോഗവുമായി പൊരുത്തപ്പെടാനല്ല, യേശുവിന്റെ അടിപ്പിണരാൽ ഞാൻ സൗഖ്യമായിക്കഴിഞ്ഞു. അങ്ങനെതന്നെ പറയണം. നാക്കിന് ശക്തിയുണ്ട്. ജീവിതം ക്രമീകരിച്ചാൽ ഒത്തിരി അസുഖം പോകും. പച്ചക്കറികൾ തിന്ന് ശീലിക്കണം. മാംസ്യാഹാരത്തേക്കാൾ പച്ചക്കറികഴിച്ചാൽ രോഗം മാറും. ചില രോഗം നമ്മൾ തന്നെ വരുത്തുന്നതാണ്. രോഗത്തിന് പല കാരണമുണ്ട്. എല്ലാ രോഗവും പാപത്തിൽ നിന്നല്ല.

അലസത രോഗം വരുത്തും. ശരീരം അനങ്ങണം. ജോലി ചെയ്യണം. ദൈവത്തിന്റെ വചനം നാവിലും, ഹൃദയത്തിലും എപ്പോഴും വേണം. രോഗം വരത്തില്ലന്നല്ല, രോഗം വന്നാൽ വചനം വാ കൊണ്ട് പറഞ്ഞുകൊണ്ടിരിക്കണം. നമ്മളെ വിശുദ്ധീകരിക്കാനുള്ള ഭാഗം നമ്മൾ തന്നെ വിശുദ്ധീകരിക്കണം. ''ശുദ്ധീകരണം കൂടാതെ ആർക്കും ദൈവത്തെ കാണാൻ സാധിക്കുകയില്ല.

നാം അധികാരത്തിന്റേ കുടക്കീഴിൽ നിൽക്കണം.'' ഒരു വാക്ക് പറഞ്ഞാൽ മതി നിന്റെ വാല്യക്കാരൻ സൗഖ്യമാകും'' എന്താണ് അധികാരം. നാം ശ്രേഷ്ഠന്മാർക്ക് മാത്രമല്ല കീഴ്പെടേണ്ടിയത്. ദുഷ്ടന്മാർക്കുപോലും ദൈവമക്കൾ കീഴ്പെടണം. /പത്രോ.3.1 അധികാരത്തിന്റെ പുതപ്പ് മാറിപ്പോയാൽ ഒന്നും നടക്കയില്ല. നാം എവിടെ ആയിരുന്നാലും, വിധേയപ്പെട്ടവരാണെങ്കിൽ, അനുസരണമുള്ളവളാണെങ്കിൽ, നമുക്ക് ദൈവീക അധികാരമുണ്ട്. മറുതലിപ്പിൽ കഴിഞ്ഞാൽ, വഴിയിൽ പിശാച് നോക്കി നിൽക്കും.

സഭാപ്രസംഗി: 10.4–5 സഭാ 8.10 മതിൽ പൊളിക്കുന്നവരെ പാമ്പു കടിക്കും. അതിന്റെ അർത്ഥം അധികാരി പറയുന്നതിന് അപ്പുറം പോകരുത്. പോയാൽ പ്രശ്നങ്ങളാണ്. കീഴ്പെടുക, മറ്റുള്ളവരെ സ്നേഹിക്കുക. ക്ഷമിക്കുക. അനുഗ്രഹം താനേവരും.




സ്നേഹം ഉള്ളിൽ കൊണ്ട് നടന്നാൽ മാത്രം പോരാ അത് പ്രകടിപ്പിക്കണം. പ്രകടിപ്പിക്കുന്ന രീതി 1) ഹസ്തദാനം കൊടുക്കുക. 2) ആലിംഗനം ചെയ്യുക 3) ആ വ്യക്തിയുമായി സമയം ചിലവഴിക്കാം 4) ചെറിയ കാര്യങ്ങൾ മറ്റുള്ളവർക്ക് ചെയ്തു കൊടുത്ത് സ്നേഹം കാണിക്കാം. പാപം പോലെ ഭാരവും നമ്മെ വിഷമിപ്പിക്കും. മനസ്സിൽ ഭാരം പ്രയാസം എന്നിവ ഉണ്ടെങ്കിൽ എല്ലാം ദൈവകരങ്ങളിൽ കൊടുക്കുക. അതുപോലെതന്നെ, നമ്മുടെ പൂർവ്വികരുടെ അകൃത്യവും പാപവും തലമുറകളിലേക്ക് കടന്നു വരും. അതും നാവുകൊണ്ട് ഒരു ദൈവപൈതൽ ഏറ്റു പറഞ്ഞു ആ ശാപത്തിൽ നിന്നും ഒരു ദൈവ പൈതലിന് ഒഴിവാകാം. പൂർവ്വികരുടെ അനുഗ്രഹവും നമുക്ക് ലഭിക്കും. ശ്രദ്ധിക്കുക.

നീ എങ്ങനെ ഒരു സന്ദർഭത്തെ വ്യാഖ്യാനിക്കുകയും അതിനനുസരണമായി പ്രതികരിക്കുകയും ചെയ്യുന്ന മനസ്സിന്റെ സ്വഭാവത്തെയും രൂപ സാദൃശ്യത്തെയും വിശദീകരിക്കുക എന്നതാണ് Mindset.

Mindset = A habitual or characteristic of mental attitude that determines how you will interpret and respond to situations

അതുപോലെ നമ്മുടെ ഉള്ളിൽ കൊണ്ട് നടക്കുന്ന ചില മനോ നിരൂപണങ്ങൾ ഉണ്ട്. എന്താണ് ദൈവവചനം? അതാണ് സത്യം. സത്യം നിങ്ങളെ സ്വതന്ത്രമാക്കും. അർദ്ധസത്യങ്ങളും നമുക്ക് വിടുതൽ തരുകയില്ല. ദൈവം ആകർഷിക്കുന്ന സ്ഥലത്ത് പോകണം. ഒരു സഭയും പൂർണ്ണമല്ല. എവിടെ പോകണം എവിടെ പോകേണ്ടാ എന്ന് ആരോടും പറയരുത്. സഭയേയും, സഭയുടെ മേലധികാരികളേയും ബഹുമാനിക്കണം.

സത്യം സ്നേഹത്തിൽ പറയാം. മനുഷ്യരെ വിധിക്കരുത്. അവരുടെ പ്രവർത്തികൾ ശരിയല്ലെങ്കിൽ പറയാം. പക്ഷെ സ്നേഹത്തോടെ ആയിരിക്കണം. ഒരു ദൈവപൈതലിനെ നീതിമാൻ എന്നു വിളിക്കാം. എപ്പോഴും നീതി ചെയ്തിട്ടല്ല നീതിമാനായത്. കർത്താവിന്റെ നീതിയാ നമുക്കുള്ളത്. നിതിമാൻ ആരുമില്ല.

നീ വിജയിക്കത്തില്ല, നീ ശരിയാകയില്ല. എന്നൊക്കെ ഒരു വ്യക്തി നമ്മളെ പറഞ്ഞെന്നിരിക്കാം. പക്ഷെ ഈ പറഞ്ഞ വാക്കിനെ ഒരു ദൈവ പൈതലിന്. നിർവീര്യമാക്കാൻ അധികാരമുണ്ട്. ഈ പറഞ്ഞ വാക്കിന് ഒരിക്കലും എന്റെ മേൽ സ്വാധീനമില്ലായെന്ന് പറയണം. (അധികാരത്തോടെ)

**എന്താണ് അനുഗ്രഹം? (Blessing?)**

അനുഗ്രഹം = ആശേർ (ആശീർവാദം) (അനുഗ്രഹം) ആശേർ : ആലാ (ശാപം)

ഈ അനുഗ്രഹം എങ്ങനെ നേടാം?

1) സൃഷ്ടാവാം ദൈവം സൃഷ്ടിയോട് പറയുന്ന വാക്ക് അനുസരിക്കുമ്പോൾ, സ്വാഭാവികമായി ഉണ്ടാകുന്നതാണ് അനുഗ്രഹം. ആശേർ, ശുഭത, വർദ്ധനവ്, പുഷ്ടി etc;
2) സൃഷ്ടി സൃഷ്ടാവിനോട് ചില കാര്യങ്ങൾ പറയും. അതും ചെയ്തിരിക്കണം. അപ്പോൾ ആശേർ വരും.
3) സൃഷ്ടി മറ്റൊരു സൃഷ്ടിയ്ക്ക് ദൈവത്തെ പറയുമ്പോൾ അവർ അത് ചെയ്യുമ്പോൾ അനുഗ്രഹം വരും. സൃഷ്ടി സൃഷ്ടിയുടെ മേൽ പറയുന്ന വാക്കുകൾ അനുവർത്തിക്കുമ്പോൾ, അനുഗ്രഹം വരും. നമ്മൾ തന്നെയാണ് നമ്മുടെ പ്രവാചകൻ. അധികാരമുള്ള വ്യക്തി നമ്മുടെ മേൽ ഒരു നിറവിൽ നിന്ന് പറയുന്ന വാക്ക് എന്റെ മേൽ പതിക്കും അതാണ് ആശേർ (ഉദാ. അപ്പൻ, അമ്മ, സഹോദരൻ സഹോദരി etc

.

എപ്പോഴും ജീവന്റെ വാക്ക് പറയണം. വയ്യായെങ്കിൽ പോലും വയ്യായെന്ന് പറയരുത്. നമ്മുടെ പ്രവർത്തിയേക്കാൾ വലുതാണ് വാക്ക്.

**Song**: എന്റെ ദൈവത്താൽ, എന്റെ ദൈവത്താൽ
നിശ്ചയമനുഗ്രഹം പ്രാപിച്ചിടും ഞാൻ.

പാട്ടിൽ പോലും പ്രത്യാശയുടെ വാക്ക് ജീവൻ തുടിക്കുന്ന വാക്ക് പറയണം. ശാപം ഒഴിവാക്കാൻ പ്രത്യേകം ദൈവദാസന്മാർ വേണ്ടാ. ഇതിന്റെ **Key** അറിഞ്ഞാൽ നമുക്ക് തന്നെ ചെയ്യാം.

നമ്മുടെ പൂർവ്വികരിൽ നിന്നും വന്ന അകൃത്യവും, പാപവും നാം ഏറ്റെടുത്ത്, വിശ്വസിച്ച് അതു പ്രഖ്യാപിക്കണം. ഭൂമിയിലെ ആളുകളുടെ സഹകരണത്തോടു കൂടിയാണ് കർത്താവ് പ്രവർത്തിക്കുന്നത്. ഈ ആധാരപത്രത്തിൽ നമ്മൾ ദൈവനാമത്തിൽ പോക്കുവരവ് ചെയ്യണം. ഉറപ്പായി ശാപം മാറും. ദൈവം മാത്രം കർത്താവാണെങ്കിൽ ശാപം മാറും. (എക മദ്ധ്യസ്ഥൻ കർത്താവായിരിക്കണം)

മന്ത്രവാദം, ആഭിചാരം, കൈനോട്ടം, നേർച്ചകൾ, പ്രാണിക്ക് ഹീലിങ്ങ്, യോഗപ്രത്യേകതരം, സത്താൻസേവ, സത്താൻസഭ ഇവ ശാപത്തിൻ കീഴിലാണ്.

**ശാപം ഉടയ്ക്കൽ പ്രാർത്ഥന**

പിതാക്കന്മാരുടെ അകൃത്യം, പാപം ഞങ്ങളിലേക്ക് കടന്നു വന്നിട്ടുള്ളതിനെ, അപ്പൻവഴി, അമ്മവഴി, തലമുറകൾവഴി വന്ന എല്ലാ ശാപങ്ങളേയും യേശു ക്രൂശിൽ മരിച്ച് ഉയർത്തെഴുന്നേറ്റതിനാൽ ഈ ശാപങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുന്ന ഞാൻ യേശുവിന്റേ നാമത്തിൽ ഉടക്കന്നു. ഈ ശാപം ഞാൻ യേശുനാമത്തിൽ പൊട്ടിക്കുന്നു.

(ഉദാ: അപകടങ്ങൾ വന്ധ്യത, ദാരിദ്ര്യം, കടബാധ്യത, കൂടുംബതകർച്ച, ആത്മഹത്യ, മ്ലേച്ഛ പ്രവർത്തികൾ, പൈതൃകമായ ആഭിചാര പ്രവർത്തികൾ **business** തകർച്ച, പണം കിട്ടുന്ന വഴികളെ അടയ്ക്കുന്ന രീതി, മാറാരോഗങ്ങൾ, അംഗവൈകല്യങ്ങൾ, (അപകടമരണം മക്കളിൽ) ഇങ്ങനെ കടന്നുവരുന്ന എല്ലാ ശാപങ്ങളേയും)

ഇത് ഞാൻ വിളംബരം ചെയ്യുന്നു. ആമ്മീൻ.

കൈകൾ കൊട്ടി ഇത് സ്വീകരിക്കുന്നു.

ഒരു ദൈവപൈതലിന് ഈ പ്രാർത്ഥന ഉരുവിട്ട്

ആ ശാപത്തെ തകർക്കാം.

Written by

Valsa Jcob
Kunnumpurathu-House
Kadappakkada PO
Kollam 691 008: Kerala

Published by

thesimpledivinetruth.org



The Simple Divine Truth
First Published in March 31, 2002
Author G. J. Thamby
thesimpledivinetruth.org
scribd.com

December 01, 2009
Revised on Nov 07, 2015